കേരള സർക്കാർ

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 -പ്രളയക്കെടുതിയിൽ തൃശ്ശൂർ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ ആവശ്യപ്പെട്ടപ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അധിക തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

**സ.ഉ. (സാധാ) നം.1574/2019/റവ.** തിരുവനന്തപുരം, തീയതി, 20/06/2019

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:- 1. സ.ഉ. (കൈ) നം. 24/2018/ദു.നി.വ. തീയതി, 26.10.2018.

2. സ.ഉ. (കൈ) നം. 5088/2018/റവ., തീയതി, 08.12.2018.

3. സ.ഉ. (സാധാ) നം. 302/2019/റവ., തീയതി, 30.01.2019.

4. തൃശ്ശൂർ ജില്ലാ കളക്ടറുടെ 31.05.2019-ലെ കെ.3-704/2018 നമ്പർ കത്ത്.

**ഉത്തരവ്**

പ്രളയക്കെടുതിയിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമായി ധനസഹായം അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം 109. 73 കോടി രൂപയും, പരാമർശം (3) ഉത്തരവ് പ്രകാരം 109. 72 കോടി രൂപയും, തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിക്കുകയുണ്ടായി.

2. അനുവദിച്ച ധനസഹായത്തിന് പുറമേ, അപ്പീൽ അപേക്ഷകൾ തീർപ്പാക്കുന്നതിനായി 49,00,00,000/- രൂപ (നാല്പത്തിയൊമ്പത് കോടി രൂപ മാത്രം ) കൂടി തൃശ്ശൂർ ജില്ലക്ക് അനുവദിക്കണമെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം അഭ്യർഥിച്ചു. മേൽ സാഹചര്യത്തിൽ അപേക്ഷകൾ തീർപ്പാക്കുന്നതിനായി തൃശ്ശൂർ ജില്ലക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അധിക ധനസഹായമായി 49,00,00,000/- രൂപ (നാല്പത്തിയൊമ്പത് കോടി രൂപ മാത്രം ) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3 വിതരണത്തിനാവശ്യമായി വരുന്ന 49,00,00,000/- രൂപ (നാല്പത്തിയൊമ്പത് കോടി രൂപ മാത്രം ) "*2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P. 80

അക്കൗണ്ടിൽ നിന്നും തുക തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൽ.ഗീത
സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Bindhumol K.N
സെക്ഷൻ ഓഫീസർ.